20/12/21


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

**E-mail: sic.ker@nic.in**


**ഹർജി നമ്പർ CP. 246(2)/2021/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നമ്പർ 3419/എസ്.ഐ.സി-ജി 6/21)**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.രാമൻകുട്ടി കൈമൾ,
കോഴിപ്പറമ്പിൽ ഹൗസ്,
പനമുക്ക്, പി.ഒ. നെടുപുഴ,
തൃശ്ശൂർ – 680 007.
[illegible]
} പരാതി ഹർജിക്കാരൻ

**Vs**

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജില്ലാ സർവ്വെ സൂപ്രണ്ട്,
ജില്ലാ സർവ്വെ സൂപ്രണ്ടിന്റെ കാര്യാലയം,
കളക്ടറേറ്റ്, തൃശ്ശൂർ – 680 003.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | – |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| അപ്പീലിന് മറുപടി നൽകിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 05.03.2021 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 08.03.20201 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. രാമൻകുട്ടി കൈമൾ, 05.03.2021ന് സമർപ്പിച്ച പരാതി ഹർജി 08.03.2021ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.246(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജി നമ്പർ AP 1441/(2)/2016/SIC അപ്പീലിന്മേൽ എസ്.പി.ഐ.ഒ., ജില്ലാ സർവ്വെ സുപ്രണ്ട് ഓഫീസ്, കളക്ടറേറ്റ്, തൃശ്ശൂർ എന്നിവർക്ക് നൽകിയ ഉത്തരവ് പ്രകാരം ടിയാന് ലഭിക്കേണ്ടതായ ഡൊക്യുമെന്റുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത ഡോക്യുമെന്റുകൾ ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ്.

3. എതിർകക്ഷി 18.12.2018ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കണിമംഗലം വില്ലേജ് സർവ്വെ നമ്പർ 366/2 വടക്കുഭാഗത്തെ നീളം സർവ്വെ സ്കെച്ച് പ്രകാരം 86.3 മീറ്റർ (429 ലിങ്ക്സ്) ആണെന്നും ആയതിൽ അതിർത്തിയിൽ വരുന്ന 7 കൈവശക്കാരുടെ അളവുകൾ കൂട്ടി നോക്കുമ്പോൾ (13.4+6.0+13.7+9.8+4.6+21.0+18.8) 87.3 മീറ്ററാണ് കിട്ടുന്നതെന്നും കൈവശക്കാരുടെ അതിർത്തികൾ തമ്മിൽ നേർരേഖയില്ലാത്തതാണ് അപ്രകാരം വ്യത്യാസം വന്നിട്ടുള്ളതെന്നുമാണ്.

മേൽപ്പടി വില്ലേജ് സർവ്വെ നമ്പർ 366ന്റെ സർവ്വെ സ്കെച്ച് തയ്യാറാക്കിയിട്ടുള്ളത് ഏകദേശം 88 വർഷങ്ങൾക്കു മുമ്പ് 1930 കാലഘട്ടങ്ങളിലാണെന്നും അന്ന് നീളത്തിന്റെ യൂണിറ്റ് ലിങ്ക്സാണെന്നും ചങ്ങല ഉപയോഗിച്ച് സർവ്വെ ചെയ്യുമ്പോൾ ഒരു ചങ്ങലയ്ക്ക് ½ ലിങ്ക്സ് എന്നതോതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാമെന്നും ഇപ്പോൾ ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്യുമ്പോൾ വളരെ കൃത്യമായി സർവ്വെ ചെയ്തെടുക്കുവാൻ സാധിക്കുന്നെന്നും ആയതിനാലാണ് ഇപ്പോൾ കാണുന്ന വ്യത്യാസം വരുന്നതെന്ന വിവരവുമാണ് അറിയിച്ചത്.

4. 19.11.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരൻ AP 1441/(2)/2016/SIC നമ്പരായ അപ്പീൽ ഉത്തരവിലെ നിർദ്ദേശങ്ങളൊന്നും എസ്.പി.ഐ.ഒ. പാലിച്ചതായി കാണുന്നില്ല. ആകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കാണുന്നു. ടി വീഴ്ച വിവരാകാശ നിയമപ്രകാരം ഗുരുതരമാകയാൽ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ

ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 നവംബർ 30-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)